പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 7340 — 17.07.2012 ൽ മറുപടിയ്ക്ക്

## സംസ്ഥാന ഗ്രാമ വികസന ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം. ഹംസ | ശ്രീ. കെ.സി. ജോസഫ് (ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാന ഗ്രാമ വികസന ഇൻസ്റ്റിറ്റ്യൂട്ട് (എസ്.ഐ.ആർ.ഡി) എന്നാണ് നിലവിൽ വന്നത്; | എ) 1987 ജനുവരി 1-ാം തീയതിയാണ് സംസ്ഥാന ഗ്രാമ വികസന ഇൻസ്റ്റിറ്റ്യൂട്ട് നിലവിൽ വന്നത്. |
| ബി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്; | ബി) ഗ്രാമവികസന വകുപ്പിലെ ജീവനക്കാർ ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ സന്നദ്ധ സംഘടനാ അംഗങ്ങൾ എന്നി- വർക്ക് പരിശീലനം നൽകുകയും കേന്ദ്രാ വിഷ്കൃത പദ്ധതികളായ MGNREGS, SGSY, IWMP, Lab to Land Initiative എന്നി വയുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പാക്കു- കയും ചെയ്തു വരുന്നു. ഇതര വകുപ്പു കൾ ആവശ്യപ്പെടുന്നതനുസരിച്ചുള്ള പരിശീലനങ്ങളും നൽകിവരുന്നു. കൂടാതെ, വിവിധ വിഷയങ്ങളിൽ വിവിധ സർക്കാർ, സർക്കാരിതര ഏജൻസികളുടെ സ്പോൺസർഷിപ്പോടു കൂടിയും അല്ലാതെയും ഗവേഷണ പഠനങ്ങളും എസ്.ഐ.ആർ.ഡി.യുടെ നേതൃത്വത്തിൽ നടത്തിവരുന്നു. |

| | |
|---|---|
| സി) 2012 -2013 വർഷത്തിൽ എന്തെല്ലാം പരിപാടികൾക്കാണ് ഇൻസ്റ്റിറ്റ്യൂട്ട് രൂപം കൊടുത്തിരിക്കുന്നത്; അതിനായി എന്ത് തുക നീക്കി വച്ചിരിക്കുന്നു വെന്ന് അറിയിക്കുമോ; | സി) 2012-2013 വർഷത്തിൽ വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ചും ഇതര വിഷയങ്ങൾ സംബന്ധിച്ചും ക്യാമ്പസ്, ഓഫ് ക്യാമ്പസ് പരിശീലന പരിപാടികളായി 2300 ഓളം പരിശീലനങ്ങൾ നടത്തുന്നതിനുള്ള പരിശീലന കലണ്ടർ തയ്യാറാക്കുകയും ആയതിൻ പ്രകാരമുള്ള പരിശീലനങ്ങൾ നടത്തി വരുകയും ചെയ്യുന്നു. എസ്.ഐ.ആർ.ഡി. യുടെ ക്യാമ്പസ്, ഓഫ് ക്യാമ്പസ് പ്രോഗ്രാമുകൾക്കായി 44,05,000/- (നാൽപത്തിനാല് ലക്ഷത്തി അയ്യായിരം) രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള പരിശീലന പരിപാടികൾക്കായി 4,24,00,000/- രൂപയും (നാല് കോടി ഇരുപത്തിനാല് ലക്ഷം) വകയിരുത്തിയിട്ടുണ്ട്. |
| ഡി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ആധുനികവും സമഗ്രവുമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ? | ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ.**